
ജി.എച്ച്. എസ്.വല്ലപ്പുഴ

# ചിത്രശലഭങ്ങൾ



# എഡിറ്റോറിയൽ

- ആദിഷ്
- അശ്വിൻ
- അനന്യ
- ആവണി
- ഹൈഫ

GHS വല്ലപ്പുഴയുടെ little Kites യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിൻ ചിത്രശലഭങ്ങൾ തയ്യാറായിരിക്കുകയാണ്. കുട്ടികളുടെ സർഗ സൃഷ്ടികൾ കോർത്തിണക്കി സ്ക്രൈബസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് നിർമ്മിച്ച ഈ മാഗസിൻ നമ്മുടെ നേട്ടംതന്നെയാണ്. ഇതിനു വേണ്ടി പ്രയത്നിച്ച എല്ലാ കുട്ടികൾക്കും കൈറ്റ് മിസ്ട്രസ്സുമാർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.





# അനുഗ്രഹങ്ങളിൽ വലുത്

-


പ്രിയപ്പെട്ട വർഷമേ


നിനക്ക് സുഖമാണോ? കുറച്ചുകാലങ്ങളായി നീ ഭൂമിയിലേക്ക് വരുന്നില്ലല്ലോ? എന്തുപറ്റി? നിന്റെ തിരോധാനത്തെ ഞങ്ങൾ ഒരുപാട് വിഷമിക്കുന്നു. നീയാണ് മലയാള സംസ്കാരത്തെ മനോഹരമാക്കുന്നത്. ജൂൺ മാസങ്ങളിൽ നീ വരുമ്പോൾ വലിയ കുളിരാണ്. ആ മാസത്തെ തണുപ്പു. ഊത്താലും.നിന്റെ ശബ്ദവും നല്ല രസമാണ്. തുലാമഴ, കുംഭമഴ, മകരമഴ, എന്നിങ്ങനെ ഞങ്ങൾ നിനക്ക് പേരിട്ടിട്ടുണ്ട്. നീ ആകാശത്തിൽ നിന്ന് ചീറിപ്പാഞ്ഞ് ഭൂമിയിലേക്ക് വരുമ്പോൾ കാണാൻ എന്ത് രസമാണ്. പക്ഷേ, നിന്റെ തുള്ളികളുടെ അളവ് കൂടിയപ്പോൾ വലിയ ദോഷം കൃഷിഭൂമിയിലും, വീടുകളിലും നാശം ഉണ്ടായിരുന്നു. പക്ഷേ നീയില്ലാതെ ഒരു ജീവൻ പോലും ഉണ്ടാവില്ല. നീയും നിന്റെ കൂട്ടുകാർ ഇടി, മിന്നൽ, ഊത്താൽ, കാർമേഘം എന്നിവർ ഉണ്ടായാലേ മഴ പൂർത്തിയാവുകയും മഴയുടെ കുളിർ അനുഭവപ്പെടുകയുള്ളൂ. നീ കൂടുതലായി ഭൂമിയിലേക്ക് വന്നാൽ ഞങ്ങളുടെ വിദ്യാലയങ്ങൾക്ക് അവധി പ്രഖ്യാപിക്കും. അപ്പോൾ നിന്റെ കണ്ടിരിക്കുകയായിരിക്കും ജോലി. നീ കാരണം പുഴകൾ നിറയും, കിണർ നിറയും, അരുവി നിറയും എന്നീ ജലാശയങ്ങൾ നിറയും.ഇതൊക്കെ ആധികമായാൽ വെള്ളപൊക്കം ഉണ്ടാകാൻ സാധ്യതയുണ്ട്. വലിയ ബുദ്ധിമുട്ടായിരിക്കും അപ്പോൾ. പക്ഷേ,നിന്റെ സൗന്ദര്യത്തിന് നല്ല ഭംഗിയാണ്. കാർമേഘങ്ങൾ മൂടി, തണുത്ത്,ഇടിയുംപൊട്ടി, മഴപെയ്യുന്നത് കാണുന്നതു പോലെ വേറെ ഒന്നിനും ഉണ്ടാവില്ല. ചിലപ്പോൾ നിന്നെ കാണാതെ പുതപ്പിനുള്ളിൽ  ആയിരിക്കും. ഞങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടത് നീയാണ് എന്റെ മഴയെ! നീയില്ലെങ്കിൽ ഞങ്ങൾ ഇല്ല. എന്ന് പറഞ്ഞു ഞാൻ നിർത്തുന്നു.

എന്ന് സ്വന്തം പ്രിയ ആരാധിക

- Safa jasmin.CT 8. B







# മഴക്കാല ഓർമ്മകൾ

2018 ഒരു മഴക്കാലത്ത് വീടിൻറെ തൊട്ടടുത്ത് ഒരു മുള വെട്ടിയിട്ടിട്ടുണ്ടായിരുന്നു ഒരു ദിവസം മഴ പെയ്യുമ്പോൾ ഒരു പൂച്ച കുഞ്ഞിൻറെ കരച്ചിൽ കേട്ടു.ഞങ്ങൾ പുറത്തിറങ്ങി നോക്കിയപ്പോൾ ജനിച്ചു ഒരു മാസം പോലും ആവാത്ത പൂച്ചക്കുഞ്ഞ് മുളക്കൂട്ടത്തിൽ ഇരുന്നു മഴനനഞ്ഞ് കരയുന്നുണ്ടായിരുന്നു. നല്ല ഭംഗിയുള്ള പൂച്ച കുഞ്ഞ് ഞങ്ങൾ അതിനെ എടുത്ത് വീട്ടിലേക്ക് കൊണ്ടുപോയി പാലും വെള്ളവും ഒക്കെ വേണ്ടുവോളം കൊടുത്തു. ഈ പൂച്ച കുഞ്ഞിന് ഞങ്ങൾക്കിങ്ങനെ എന്ന് പേര് നൽകി കിങ്ങിണിയെ ഞങ്ങൾ നല്ലപോലെ വളർത്തി ഞാൻ ഉറങ്ങാൻ കിടന്നാൽ അത് എൻ്റെ കൂടെ വന്നു കിടക്കും കഴിക്കുമ്പോൾ എൻ്റെ അടുത്ത് വന്നിരിക്കും. ഞാൻ ചായ കുടിക്കുകയാണെങ്കിൽ മുഖത്ത് നോക്കിയിരിക്കും അവൾക്ക് ബിസ്ക്കറ്റ് ഒത്തിരി ഇഷ്ടമായിരുന്നു. ഞാൻ സ്കൂളിലേക്ക് പോകുമ്പോൾ എന്നെ ഗേറ്റ് വരെ കൊണ്ടാക്കും സ്കൂൾ വിട്ടു വരുന്ന സമയം ആകുമ്പോൾ ഗേറ്റിന്റെ മുമ്പിൽ വന്നിരിക്കും. പിന്നെ കുറെ നാൾ കഴിഞ്ഞപ്പോൾ മലക്ക് പോവാൻ മാലയിട്ടു വന്നപ്പോൾ കിങ്ങിണിയെ കാണാനില്ല. അവളെ കാണാനില്ല എന്നാണ് അമ്മമ്മ പറഞ്ഞത് പിന്നീടാണ് അവളെ വണ്ടി മുട്ടി മരിച്ചതാണെന്ന് അറിഞ്ഞത് അപ്പോൾ ഞങ്ങൾക്ക് ഒത്തിരി സങ്കടമായി അവൾക്ക് എന്നെ ആയിരുന്നു കൂടുതൽ ഇഷ്ടം എനിക്കും അവളെ ഒത്തിരഇഷ്ടമായിരുന്നു പക്ഷേ ഇപ്പോൾ അവൾ ഞങ്ങളുടെ കൂടെ ഇല്ല

- Vaishnavi.D 8C



# ഞാൻ എന്നെക്കുറിച്ച്

ഞാൻ എന്നെക്കുറിച്ച് പറയുകയാണെങ്കിൽ ഞാനൊരു പാവമാണ്. അത്യാവശ്യം പഠിക്കുന്ന എന്നാണ് തോന്നുന്നത്. എനിക്ക് ചിലപ്പോൾ പെട്ടെന്ന് ദേഷ്യവും സങ്കടവും ഒക്കെ വരും എൻ്റെ വീട്ടിലെ ചെറിയ കുട്ടി ഞാനാണ്.എനിക്ക് ചിത്ര കലകളിലും ക്രാഫ്റ്റ് ചെയ്യാനും എല്ലാം നല്ല താല്പര്യമുണ്ട്. എനിക്ക് ഡോക്ടർ, കുട്ടികളുടെ ഡോക്ടർ ആവണം എന്നുള്ളത് വലിയ ഒരു ആഗ്രഹമാണ്.

- Vaishnavi.D 8C



# ഞാൻ എന്നെക്കുറിച്ച്

ഞാൻ എപ്പോഴും എന്റെ ഇഷ്ടത്തിനാണ് എല്ലാതും ചെയ്യാറ് പക്ഷേ ഞാൻ ഉമ്മയും ഉപ്പയും പറയുന്നത് കേൾക്കാറുണ്ട് ഞാൻ എൻറെ വീട്ടിൽ നല്ല സ്വഭാവമാണ് എടുക്കാറ് സ്നേഹത്തോടെയും സന്തോഷത്തോടെയും ആണ് പെരുമാറാറ് ജീവിതത്തിൽ എനിക്ക് പഠിച്ചു വലിയ ഒരു ജോലിക്ക് കയറാനാണ് ആഗ്രഹം എനിക്ക് ടീച്ചർ ആവാനാണ് ഇഷ്ടം വീട്ടിലുള്ളവർക്ക് ഡോക്ടർ ആവാനാണ് ആഗ്രഹം പക്ഷേ എൻറെ വീട്ടുകാർ പഠിച്ച് എനിക്ക് ഇഷ്ടമുള്ളത് പോലെ ചെയ്തോളാൻ പറഞ്ഞു.

- Fathima Sana 8C



# ഞാൻ

ഞാൻ ഫിദ എം റഫീഖ്. എട്ടാം ക്ലാസിലാണ് പഠിക്കുന്നത്. ഞാൻ എന്നെക്കുറിച്ച് പറയുകയാണെങ്കിൽ ഞാൻ അത്യാവശ്യം പഠിക്കുകയും ചെറിയ തോതിൽ സ്കൂളിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യും. എല്ലാവരും പോലെയും ധാരാളം സ്വപ്നങ്ങൾ ഒന്നും എനിക്കില്ലെങ്കിലും കുറച്ച് സ്വപ്നങ്ങൾ ഉണ്ട്. അതിലേക്ക് എത്തിപ്പെടാൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്

എൻ്റെ സ്വപ്നം എന്തെന്നാൽ എന്ത് പറഞ്ഞാലും എനിക്ക് എല്ലാം വാങ്ങിത്തരുന്ന എൻ്റെ മാതാപിതാക്കൾക്ക് വലുതായാൽ ഞാനൊരു സഹായമാവണം. എൻ്റെ അച്ഛൻ്റെ ആഗ്രഹം പോലെ എനിക്കൊരു ടീച്ചർ ആവണം.

എല്ലാവർക്കും തൻ്റെ അച്ഛനമ്മമാരുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ സാധിക്കട്ടെ......

- Fidha.M.Rafeek 8B



## ഞാൻ എന്നെക്കുറിച്ച്

ഞാൻ എപ്പോഴും എന്റെ ഉപ്പയും ഉമ്മയും പറയുന്നതാണ് കേൾക്കാതെ എനിക്ക് രണ്ട് കാക്കമാരുണ്ട് കാക്കമാർ പറയുന്നത് കേൾക്കാറുണ്ട് ഞാൻ എൻ്റെ ഉമ്മക്ക് ജോലി ചെയ്തു കൊടുക്കാറുണ്ട് എനിക്ക് ഒരു ഡോക്ടർ ആവണം എന്നാണ് എൻ്റെ ആഗ്രഹം. പഠിച്ച് പഠിച്ച് വലിയ ഒരു ജോലി വേണം എന്ന് ആഗ്രഹമുണ്ട് എനിക്ക് എൻ്റെ ഉപ്പയെയും ഉമ്മയെയും നോക്കണം എന്നുണ്ട് ഞാനിപ്പോൾ എട്ടാം ക്ലാസിലാണ് പഠിക്കുന്നത് എനിക്ക് ഇഷ്ടം പാട്ടുപാടാൻ ആണ് ഇതാണ് ഞാൻ എന്നെക്കുറിച്ച് എഴുതിയത്......

- Shazana.A 8C



# എൻറെ ആഗ്രഹം

ഒരു ദിവസം രാത്രിയിൽ ഞങ്ങൾ പുറത്തിരിക്കുകയായിരുന്നു അപ്പോൾ ഞങ്ങൾ സംസാരിക്കുന്നതിന്റെ ഇടയിൽ ഒരു പൂച്ചയെ കണ്ടു അതിനെ നോക്കിയപ്പോൾ അത് ഒരു വളർത്തു പൂച്ചയായിരുന്നു ഞങ്ങളെ കണ്ടപ്പോൾ ആ പൂച്ച ഞങ്ങളെ കണ്ടപ്പോൾ ആ പൂച്ച ഓടി ഞങ്ങൾ അതിനെ എടുത്ത് ഒരു കൂട്ടിലേക്ക് ഇട്ടു. ഞങ്ങൾ കുറേനേരം അതിനെ നോക്കിയിരുന്നു എന്നിട്ട് ഞങ്ങൾ അകത്തോട്ട് പോയി കുറെ നേരം കഴിഞ്ഞു ആരോ ഒരാൾ വിളിക്കുന്ന ശബ്ദം കേട്ട് അപ്പോൾ ഞങ്ങൾ പുറത്തോട്ടിറങ്ങി ആരോ ഒരാൾ പോകുന്നതായി കണ്ടു അപ്പോൾ വേഗം ഞങ്ങൾ ഫോൺ എടുത്തു അയൽവാസിയെ വിളിച്ചു അപ്പോൾ അവർ പറഞ്ഞു ഒരു പൂച്ചയെ കാണാനില്ല അതിനെ തിരയുകയാണെന്ന് അപ്പോൾ തന്നെ ആ കാക്കുവിനെ വിളിച്ച് ആ കാക്കു ഓടി വന്നേ എന്നിട്ട് പൂച്ചയെ എടുത്തു ഒരു താങ്ക്സ് പറഞ്ഞു വീട്ടിലോട്ട് തിരിച്ചുപോയി അപ്പോൾ തന്നെ തുടങ്ങിയതാണ് എനിക്കും പൂച്ചയെ വേണമെന്ന് ഞാൻ ഉപ്പയോട് പറഞ്ഞത് അങ്ങനെ എനിക എനിക്കും ഒരു പൂച്ചയെ വാങ്ങിത്തന്നു. അങ്ങനെ എനിക്ക് സന്തോഷമായി കാക്കുവിനും സന്തോഷമായി ഇതാണ് എൻറെ ജീവിതത്തിലെ അനുഭവം

- Shazana.A 8C



## പൂരം

പൂരം വരാറാകുമ്പോൾ നാട്ടിലാകെ സന്തോഷമായിരിക്കും. പൂരത്തിനുള്ള ഡ്രസ് കോഡും അതിനൊപ്പം കൊട്ടുവാൻ ചെണ്ടയും ഏർപ്പാട് ചെയ്യും. പൂരത്തിന് കളിക്കുവാനുള്ള പ്രാക്ടീസ് വരെ കാണാം. പൂരത്തിനായി നമ്മൾ മുറ്റം തേക്കാറുണ്ട്. പൂരത്തിന് കാളയും തേരും കൊട്ടും ഉണ്ടാവും. പൂരത്തിൻ്റെ തലേന്ന്   കാളകളെ കൊണ്ടുവരും. പിറ്റേ ദിവസം ആവാറാകുമ്പോൾ  കാളകളെ ഒരുക്കാൻ തുടങ്ങും. പിറ്റേ ദിവസം വൈകന്നേരമാണ് പൂരത്തിന് പോകുവാൻ പുറപ്പെടുക. അന്ന് എല്ലാവരും ചിക്കൻ വാങ്ങാറുണ്ട്. പൂരത്തിൻ്റെ തലേന്ന തന്നെ ഐസ്ക്രീം ഓക്കെയും വരാൻ തുടങ്ങും .പൂരകാഴ്ച അതി മനോഹരമാണ്. പൂരത്തിന് കാവടിയൊക്കെയും കാണും.

- അശ്വതി. യു



ച്യൂയിംഗം

ഞാൻ ആദ്യം എപ്പോഴും ച്യൂയിംഗം കഴിച്ചായിരുന്നു. ക്ലാസിലും ഞാൻ ച്യൂയിംഗം ചവച്ചാണ് ഇരുന്നിരുന്നത്.അങ്ങനെ ഒരു ദിവസം ഗീത ടീച്ചറുടെ ക്ലാസിൽ ഞാൻ ച്യൂയിംഗം കഴിച്ചിരിക്കുന്നത് ടീച്ചർ കണ്ടു. ടീച്ചർ എന്നെ ചീത്ത പറഞ്ഞു. അന്ന് നിർത്തിയതാണ് ഞാൻ ച്യൂയിംഗം കഴിക്കൽ.പി.ടി.എ മീറ്റിങ്ങിന് അമ്മ വന്നപ്പോൾ ടീച്ചർ അമ്മയോട് ഞാൻ ച്യൂയിംഗം കഴിച്ചിരുന്നു. ഇപ്പൊ നിർത്തി എന്ന് പറഞ്ഞു അതോടെ ച്യൂയിംഗം കഴിക്കേണ്ട പൂതി മാറി കിട്ടി. അന്നുതൊട്ട് ഇന്നുവരെ ഞാൻ ആ സാധനം തൊട്ടിട്ടില്ല .

– അഞ്ജന കെ

പട്ടാമ്പിനേർച്ച

പട്ടാമ്പി നേർച്ച അത് ഞങ്ങളുടെ വികാരമാണ് .ആരവങ്ങളും ആർപ്പുവിളികളും ഒക്കെ ആയി ഒരു ദിവസം. അന്ന് പട്ടാമ്പി ഉറങ്ങാറില്ല. വർണവിസ്മയങ്ങളും ആനകളും ബാൻ്റും ഒക്കെ ആയി ഒരു മനം നിറയും ദിവസം .പലവിധ കടകളും വർണശബളമായ തോരണങ്ങളും ഒക്കെയായി ആ ദിവസം മറക്കാൻ കഴിയാത്ത ദിവസം.

– യൂസഫ് അലി



ഉമ്മയുടെ വാത്സല്യം
oooooooooooooooooooooooooo

പ്രപഞ്ചത്തിൽ ഉമ്മയേക്കാൾ വലിയൊരു പോരാളി മറ്റാരുമില്ല.
ഉമ്മയുടെ സ്നേഹം, അത് ലോകത്തിലെ ഏറ്റവും വലിയ സാമ്പാദ്യമാണ്.
ഉമ്മയുടെ 'മോളെ' എന്ന വിളി മതി എല്ലാ വിഷമങ്ങളും മാറാൻ.
പടച്ചോൻ തന്ന ഏറ്റവും വലിയ അനുഗ്രഹമാണ് ഉമ്മ.
ഉമ്മയില്ലാത്ത ജീവിതത്തെ കുറിച്ച് ആലോചിക്കാൻ പോലും പറ്റുന്നില്ല. ഉമ്മടെ വിശപ്പിനേക്കാൾ പ്രധാനം മക്കളുടെ വിശപ്പാണ്, ഞങ്ങൾ കഴിച്ചിട്ടേ ഉമ്മ കഴിക്കു, ഞങ്ങൾ ഉറങ്ങീട്ടെ ഉമ്മ ഉറങ്ങു.
എന്റെ ജീവൻ എന്റെ ഉമ്മക്ക് വേണ്ടി ഞാൻ സമർപ്പിക്കും.
ഉമ്മ എന്നെ ഒരുപാട് ചീത്ത പറയും, അടിക്കും എന്നാലും ഉമ്മ കുറച്ചു കഴിഞ്ഞാൽ എന്നോട് മിണ്ടാൻ വരും.

# ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും നല്ല സ്ത്രീ എന്റെ ഉമ്മയാണ്.

ഞാൻ ഒരുപാട് സങ്കടത്തോടെ ഇരിക്കുമ്പോൾ ഉമ്മയുടെ ചിരിയും ഒരു മുത്തവും മതി എനിക്ക് സന്തോഷിക്കാൻ.

ഉമ്മയുടെ ഉതരത്തിൽ ഒമ്പത് മാസം കിടക്കുമ്പോ ഉമ്മയുടെ ഉതരത്തിൽ ഒമ്പത് മാസം കിടക്കുമ്പോൾ ഉമ്മക്ക് ഒരുപാട് പ്രതീക്ഷകളും കാണാൻ ആകാംഷയുമുണ്ടാകും.


ബാക്കിയുള്ളവർ നമ്മളെ കണ്ടതിനു ശേഷമാണ് സ്നേഹിക്കാൻ തുടങ്ങിയത്,


എന്നാൽ ഉമ്മ നമ്മളെ കാണുന്നതിന് മുമ്പേ സ്നേഹിക്കാൻ തുടങ്ങി.


നമ്മൾ സൗന്ദര്യമുള്ളതോ ഇല്ലാത്തതോ എന്നറിയുന്നതിന് മുമ്പ് നമ്മളെ ഇഷ്ടപ്പെടാൻ തുടങ്ങി.ഉമ്മ എന്റെ ജീവനേക്കാൾ വലുതാണ്.

ഉമ്മക്ക് എന്ത് സങ്കടം ഉണ്ടെങ്കിലും ഉമ്മ ഞങ്ങൾക്കാണ് പ്രാധാന്യം നൽകുക.

ഉമ്മയെ ഞാൻ ഒരുപാട് വിഷമിപ്പിച്ചിട്ടുണ്ട്, എന്നാലും ഉമ്മ എന്നോട് പൊറുത്ത് എന്നെ ഒരുപാട് സ്നേഹിക്കും.ഉമ്മയുടെ സ്നേഹത്തേക്കാൾ വലുത് ലോകത്ത് വേറെ ഒന്നുമില്ല.വിലമതിക്കാനാകാത്ത വജ്റ കല്ലുകളാണ് എന്റെ ഉമ്മ...







# ഞാൻ ചെയ്ത നന്മ

ഞാനൊരു ദിവസം പുറത്തു പോയി വരുമ്പോൾ ഒരു സുന്ദരിയായ കിളിയെ കണ്ടു  അത് വിശന്ന്  അവശിയായി  വിണ്ടാൻ പോലും പറ്റാതെ കിടക്കുന്നു ഞാൻ അതിനെ എടുക്കാൻ പോയി പക്ഷേ എനിക്ക് നല്ല ഭയം ഉണ്ടായിരുന്നു . പക്ഷേ ഞാൻ ധൈര്യം കൈവിടില്ല അതിനെ പോയി എടുത്തു എന്നിട്ട് അതിന് വെള്ളവും ധാന്യങ്ങളും വെച്ച് കൊടുത്തു അവശനായതു കൊണ്ട് അതിന് ഒന്നും കുടിക്കാനോ കഴിക്കാനേ പറ്റിയിരുന്നില്ല . അപ്പോ  ഞാൻ അതിനെ എടുത്തു വെള്ളം കൊടുത്തു പിന്നെ കുറച്ച് കഴിഞ്ഞ് നോക്കിയപ്പോൾ ആ. കിളി പറന്നു പോയിരുന്നു

# എന്റെ അമ്മമ്മ

എനിക്ക് എന്റെ അമ്മമ്മയെ ഒരുപാട് ഇഷ്ടമാണ് എണ്ണയും എന്റെ അമ്മയ്ക്ക് ഇഷ്ടം ആണ് എന്റെ മുഖം വാടിയാൽ അമ്മമ്മ അത് തിരിച്ചറിയും ഞാൻ കളിക്കാൻ പോയാൽ സന്ധ്യയായയൽഎന്റെ അമ്മയ്ക്ക് ആധിയായിരിക്കും എന്നെ എന്റെ അമ്മതരുന്നതുപോലെ  സ്നേഹവും വാത്സ്യവും എന്റെ അമ്മൂമ്മയും  തരും അവിടെ ചെന്നാൽ എന്റെ തലയിൽ എണ്ണ തേച്ചു തരും മുടി ചീകി തരും അമ്മുമ്മ ഒരു പാവമാണ്

– അഞ്ജന.എം



# स्कूल वार्षिकोत्सव

हम लोग हर साल स्कूल वार्षिकोत्सव मनाते है। इस दिन के लिए हम सब बच्चे इंतज़ार करते हैं। उस दिन बहुत आनद और मज़ा करते हैं । इधर आकर यह मेरा पहला वार्षिकोत्सव हैं। इस साल मैं और मेरा दोस्त भी इसमें अच्छी तरह भाग ले रहे हैं। और मैं बहुत खूश हूँ।

- സുപ്രിയ



പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ സബ്ജില്ലയിലാണ് GHS വല്ലപ്പുഴ . വല്ലപ്പുഴ പഞ്ചായത്തിലെ ചൂരക്കോട് എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. നൂറ്റിയെട്ടു വർഷത്തിൻ്റെ പാരമ്പര്യവും മേന്മയും കൈമുതലായിട്ടുള്ള ഒരു വിദ്യാലയമാണ് ഇത്. തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയം ഇന്നും മികവിൻ്റെ പാതയിലാണ്. പ്രൈമറിവിദ്യാലയമായിരുന്ന ഈ വിദ്യാലയം ഹൈസ്കൂളായി വികാസത്തിൻ്റെ പാതയിലാണ്. പ്രീ പ്രൈമറി മുതൽ പത്താംക്ലാസ് വരെയുള്ള അധ്യയനം നടക്കുന്ന ഈ വിദ്യാലയം ബാല്യ കൗമാരങ്ങളുടെ ഒരു സംഗമവേദിയാണ്. ബാല്യത്തിൻെറ നിഷ്കളങ്കതയ്ക്ക് കൂട്ടായി



കൗമാരകല്പനകൾ എത്തുന്ന അപൂർവകാഴ്ചകൾ നിറഞ്ഞ അന്തരീക്ഷം ഞങ്ങളുടെ സ്കൂളിന് സ്വന്തം .ഏഴ് കെട്ടിടങ്ങളിലാ യി പ്രവർത്തിക്കുന്ന വിദ്യാലയ മുറ്റത്ത് തണൽ വിരിച്ച് നിൽക്കുന്ന മരങ്ങൾ വിദ്യാലയത്തിന് ഹരിതഭംഗി നൽകുന്നു. പരിമിതമായ സൗകര്യങ്ങൾക്കിടയിലും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സബ്ജില്ല തലത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഒരു വിദ്യാലയമാണിത്. ജില്ല തലത്തിലും സംസ്ഥാനതലത്തിലും സ്കൂളിൻ്റെ നാമധേയം സംസ്ഥാനതലത്തിലും തിളങ്ങി നിന്ന ഒരു വർഷമാണ് 2024

ക്ലാസ് മുറികളിലെ സർഗശേഷിയുടെ
പൂമ്പൊടികൾ ഒപ്പിയെടുത്ത്
നിങ്ങൾക്കുമുന്നിൽ എത്തിക്കുന്ന കൊച്ചു
ചിത്രശലഭങ്ങൾ ,
എളിമയുടെ പുള്ളിച്ചിറകുകൾ വീശി
നിങ്ങൾക്കരികിലൂടെ
പാറിപ്പറക്കട്ടെ .കൗതുകത്തിന്റെ
ചെറുചെപ്പുകൾ
നിങ്ങൾക്കരികിലെത്തുമ്പോൾ
ക്ഷണനേരമെങ്കിലുമൊന്ന് നോക്കണേ .